സിംപോസിയം

# 1. ശരീഅത്ത് ഇന്ത്യയിൽ

**ടി. എം. അബ്ദുള്ള** ബി.എ; ബി.എൽ

**ഉണ്ട്-ഇല്ല**. ശരീഅത്തിൽ ശിക്ഷാനിയമം തീരെ ഇല്ല. ഇന്ത്യൻ പീനൽ കോഡ് ഇന്ത്യയിലെ എല്ലാവർക്കും മതസമുദായ ഭേദമന്യേ ബാധകമാണ്. ശരീഅത്തിലെ സിവിൽ നിയമത്തിൽ അനന്തരാവകാശം, വിവാഹമോചനം, മഹ്റ്, സംരക്ഷണം, വിവാഹം, രക്ഷാകർത്തൃത്വം, ദാനം, വഖഫ് ഇവകൾ മാത്രമെ ഇന്ത്യയിലെ മുസൽമാൻമാർക്ക് ബാധകമാവുന്നുള്ളൂ. 1937 ൽ ശരീഅത്ത് ആക്ട് എന്നു പേരുള്ള ഒരു ആക്ട് പാസ്സായി. മേൽ പറഞ്ഞ വിഷയങ്ങൾ മാത്രമേ ഈ ആക്ടിൽ മുസൽമാൻമാർക്ക് ബാധകമായി എടുത്തു പറഞ്ഞിട്ടുള്ളൂ. ഖുർആനിലെ കരാർ നിയമം മുസ്‌ലിമിങ്ങൾക്ക് ബാധകമല്ല. ഇന്ത്യൻ കോൺട്രാക്ട് ആക്ടിലെ നിയമങ്ങളാണ് ബാധകം. അതുപോലെ ഖുർആനിൽ പറയുന്ന തെളിവ് നിയമവും ബാധകമല്ല. ഇന്ത്യൻ എവിഡൻസ് ആക്ടാണ് മുസൽമാന്മാർക്ക് ബാധകം.

ക്രോഡീകരിച്ച ശരീഅത്ത് നിയമം വളരെ കുറച്ചേ ഉള്ളൂ. 1913 ലെ വഖ്ഫ് വാലിഡേറ്റിംഗ് ആക്ട് ആണ് ആദ്യത്തെ ക്രോഡീകരണം. ഇത് കുടുംബ വഖ്ഫിനെ സംബന്ധിച്ചാണ്. കുറെ, കുടുംബത്തിന്റെ സംരക്ഷണത്തിന്നും, കുറെ ധർമ്മത്തിന്നും ചേർന്നുകൊടുക്കുന്ന വഖ്ഫ്, വഖ്ഫായി നിലനിൽക്കാൻ പാടില്ല. ഇത് അല്ലാഹുവിനെ തോൽപ്പിക്കാൻ ചെയ്യുന്ന ഒരു വിദ്യയാണ് എന്ന് പ്രിവി കൗൺസിലിൽ ബ്രിട്ടീഷ് ജഡ്ജിമാർ 1894ൽ അഭിപ്രായപ്പെട്ടു. ഈ വിധിക്കെതിരായി മുസ്‌ലിമീങ്ങളുടെ ഇടയിൽ ഉണ്ടായ പ്രക്ഷോഭങ്ങളെ കണക്കിലെടുത്ത് ഈ ആക്ട് 1913ൽ ഉണ്ടാക്കി. ഇത് പ്രകാരം കുടുംബത്തിന്നും ധർമ്മത്തിന്നും ചേർന്നുകൊടുക്കുന്ന വഖ്ഫുകൾ സാധുവായി. അതിന്നു ശേഷം കൊല്ലങ്ങളോളം ഇസ്‌ലാമിക നിയമത്തെ സ്പർശിച്ച ഒരു ക്രോഡീകരണവും ഇന്ത്യയിൽ ഉണ്ടായിട്ടില്ല. 1937ലെ ശരീഅത്ത് ആക്ടാണ് രണ്ടാമത്തെ ക്രോഡീകൃത നിയമം. അതിന്നു ശേഷം 1939ൽ ഖാസ്മിന്റെ 'ഫസ്ക് ആക്ട്' എന്നു സാധാരണ പറയുന്ന മുസ്‌ലിം വിവാഹമോചന ആക്ട് ഉണ്ടായി. വളരെ പ്രധാനപ്പെട്ട നിയമക്രോഡീകരണമാണ് ഈ ആക്ട് മൂലം ഉണ്ടയത്. രണ്ടു നല്ല കാര്യങ്ങൾ ഇതുകൊണ്ട് സാധിച്ചു. ഒന്നാമത്, ചില കാരണങ്ങളാൽ ഭാര്യക്ക് ഭർത്താവിനോട് ത്വലാഖ് ആവശ്യപ്പെട്ടു വാങ്ങാനുള്ള കഴിവ് ഉണ്ടായി. രണ്ടാമത്, മദ്ഹബ് ഭേദമന്യേ ഈ ആക്ട് എല്ലാവർക്കും ബാധകമാക്കി. ഈ ആക്ടിലെ പ്രധാന സവിശേഷത നാലു മദ്ഹബുകളിൽ നിന്നും ത്വലാഖ് സംബന്ധമായ നിയമങ്ങൾ പരിശോധിച്ച് പെറുക്കിയെടുത്തിട്ടുള്ള കാരണങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് എന്നതാണ്. അവയിൽ അധികവും മാലിക്കീ മദ്ഹബിൽ നിന്നെടുത്തതാണ്. ഇന്ത്യയിലാണെങ്കിൽ ബഹുഭൂരിപക്ഷം ഹനഫികളും കുറഞ്ഞ പക്ഷം ശാഫിഇകളും അല്ലാതെ, ഹമ്പലികളോ, മാലികികളോ ഇല്ല. എന്നിട്ടും ഇമാം മാലിക് നിർദേശിച്ച പല വ്യവസ്ഥകളും അവ നല്ലതാകകൊണ്ട് ഈ ആക്ടിൽ ഉൾക്കൊള്ളിച്ചു. ഈ ആക്ടിന്റെ ഒരു ന്യൂനത എന്താണെന്ന് വെച്ചാൽ, ഇത് ഭാര്യ ഭർത്താവിനോട് ത്വലാഖ് ചോദിച്ചു വാങ്ങാനുള്ള അവകാശം ഭാര്യക്ക് കൊടുക്കുന്നു. അതേ അവസരം ഭർത്താവ് ഭാര്യക്ക് ത്വലാഖ് കൊടുക്കുന്നതിനെപ്പറ്റി യാതൊന്നും പറയുന്നില്ല. അപ്പോൾ ഭർത്താവിന്നു യാതൊരു കാരണവും പറയാതെ തലാഖ് ചെയ്യാനുള്ള അധികാരം നിലനിൽക്കുന്നു. പക്ഷെ ഭാര്യക്ക് തലാഖ് വേണമെങ്കിൽ ഈ ആക്ട് പ്രകാരം കോടതിയിൽ അന്യായം കൊടുത്തേമതിയാവൂ. ഭർത്താവു കോടതിയിൽഒന്നും പോകാതെ തന്നെ സ്വയം ഇഷ്ടപ്രകാരം ഭാര്യക്ക് തലാഖ് കൊടുക്കാം.

ഈ ആക്ടിന്നു ശേഷം ഉണ്ടായ ഉപകാരപ്രദമായ മറ്റൊരു ആക്ട് 1954ൽ പാസാക്കിയ വഖ്ഫ് ആക്ടാണ്. ഇത് പബ്ലിക് വഖ്ഫിനെ സംബന്ധിച്ചുള്ളതാണ്. മൗലാനാ ആസാദും മറ്റും ആണ് ഇതിന്റെ നിർമ്മാതാക്കൾ. ഈ ആക്ടിനാൽ മുതവല്ലിമാരുടെ വഖ്ഫ് ഭരണം നിയന്ത്രിക്കപ്പെട്ടു.

ഈ നാല് ആക്ടുകളല്ലാതെ വേറെ യാതൊരാക്ടും മുസ്‌ലിമീങ്ങൾക്ക് മാത്രമായി ഇന്ത്യയിൽ ഉണ്ടായിട്ടില്ല. ഈ നാലും ശരീഅത്ത് നിയമം ഉൾക്കൊണ്ടവയും സമുദായത്തിന്നു ഗുണകരമായതും തന്നെയാണ്.

ഈ ആക്ട് ഒഴിച്ചാൽ മറ്റു വിഷയങ്ങളിൽ ഇന്ത്യയിൽ കാണുന്ന മുസ്‌ലിം വ്യക്തിനിയമ വശങ്ങളിൽ മദ്ഹബുകളുടെ അടിസ്ഥാനത്തിൽ വൈവിധ്യം ഉണ്ട്. ഉദാഹരണം, ഹനഫി നിയമത്തിൽ പ്രായപൂർത്തി എത്തിയ കന്യകക്ക് രക്ഷിതാവിന്റെ സമ്മതം കൂടാതെ വേളികഴിക്കാം. ശാഫിയിൽ പ്രായപൂർത്തി എത്തിയാലും ബാപ്പയുടേയോ വലിയ ബാപ്പയുടേയോ സമ്മതം വേണം. ഹനഫിയിൽ നിർബന്ധത്തിന്ന് വിധേയമായി നിക്കാഹ് സാധുവാണ്. ശാഫിയിൽ അങ്ങനെയല്ല. ഹനഫിയിൽ ലഹരിയിൽ ചെയ്ത തലാഖും ത്വലാഖ് തന്നെയാണ്. ശാഫിയിൽ അങ്ങനെയല്ല. ഹനഫിയിൽ വാമൊഴിഞ്ഞ തലാഖ് പെരുമാറ്റം കൊണ്ട് പിൻവലിക്കാം. ശാഫിയിൽ വാമൊഴിഞ്ഞുതന്നെ പിൻവലിക്കണം. ഹനഫിയിൽ മഹ്റ് പത്ത് ദിർഹമിൽ കുറയാൻ പാടില്ല. ശാഫിയിൽ കീഴ്പരിധിയേ ഇല്ല. ഒരു ഗോതമ്പു മണിപോലും മഹ്റാവാംഇങ്ങനെ നിക്കാഹ്-തലാഖ്-മഹ്റ് ആദിയായവയിൽ മാത്രമല്ല രക്ഷാകർത്തൃത്വം, സംരക്ഷണം, ദാനം, വസിയ്യത്ത് മുതലായ മറ്റു ശാഖകളിലും മദ്ഹബ് നിയമങ്ങൾ തമ്മിൽ വ്യത്യാസങ്ങളുണ്ട്. ഈ മദ്ഹബുകളിലെ വ്യത്യസ്ത മസ്അലകൾ പരിശോധിച്ചു നല്ലവയെ തിരഞ്ഞെടുത്ത് ക്രോഡീകരിച്ച് ഖാസ്മിന്റെ ഫസ്ക് ആക്ട് പോലെ ഒരു ആക്ട് ആക്കുകയും അതു മദ്ഹബു വ്യത്യാസമന്യേ എല്ലാവർക്കും ബാധകമാക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

●